മാതൃഭൂമി

12 November 2018

# മീൻപിടിത്തം 200 നോട്ടിക്കൽ മൈൽ വരെ അനുവദിച്ചേക്കും

## കേന്ദ്ര ഉത്തരവ് ഉടൻ

**ജോസഫ് മാത്യു**
കൊച്ചി

▸ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യം പരിഗണിച്ച്, കടലിൽ മീൻപിടിത്തപരിധി കുത്തനെ കൂട്ടാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നു. 200 നോട്ടിക്കൽ മൈൽവരെ മീൻപിടിത്തം അനുവദിച്ചുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിച്ചേക്കും. ഇതിന്റെ ചർച്ചകൾ അന്തിമഘട്ടത്തിലാണെന്ന് ഉന്നത ഉദ്യോഗസ്ഥർ അറിയിച്ചു. കടലിൽ 12 നോട്ടിക്കൽ മൈലാണ് (1.85 കിലോമീറ്ററാണ് ഒരു നോട്ടിക്കൽ മൈൽ) രാജ്യങ്ങൾക്ക് പരമാധികാരമുള്ളത്. അതുകൊണ്ടുതന്നെ ഈ ദൂരത്തിൽ മീൻപിടിത്ത ലൈസൻസ് കൊടുക്കാനേ ഇപ്പോൾ സംസ്ഥാനങ്ങൾക്ക് കഴിയൂ. എന്നാൽ, 200 നോട്ടിക്കൽ മൈൽവരെ രാജ്യങ്ങൾക്ക് തനത് സാമ്പത്തിക മേഖലയുണ്ട് (ഇ.ഇ.ഇസഡ്.).

ഇവിടത്തെ വിഭവങ്ങൾ ഉപയോഗിക്കാമെങ്കിലും പരമാധികാരമില്ല. ഈ മേഖലയിൽ മീൻപിടിത്തത്തിന് നേരത്തേ വിദേശകപ്പലുകൾക്ക് കേന്ദ്രം അനുമതി (ലെറ്റർ ഓഫ് പെർമിറ്റ്) നൽകിയിരുന്നു.

ഒരു ലൈസൻസ് എടുത്ത് അമ്പതിലധികം കപ്പലുകൾ മീൻപിടിച്ച് മത്സ്യസമ്പത്ത് കടത്തുന്നത് മനസ്സിലാക്കി ഈ രീതി കേന്ദ്രസർക്കാർ അവസാനിപ്പിച്ചു. ഇതിനുപകരം രാജ്യത്തിന്റെ തനത് സാമ്പത്തിക മേഖലയായ 200 നോട്ടിക്കൽ മൈലിൽ(370 കിലോമീറ്റർ) മീൻപിടിക്കാൻ സംസ്ഥാനങ്ങളെ അനുവദിക്കാനാണ് കേന്ദ്രം ഒരുങ്ങുന്നത്.



### ട്രോളിങ്: മാർഗനിർദേശം വേണമെന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ

▸ട്രോളിങ് നിരോധനം സംബന്ധിച്ച് കേന്ദ്രസർക്കാർ മാർഗനിർദേശം പുറപ്പെടുവിക്കണമെന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടു. മൺസൂൺ പല സംസ്ഥാനങ്ങളിലും ഒരേ സമയത്തല്ലാത്തതിനാൽ ട്രോളിങ് നിരോധനം വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്ന വിലയിരുത്തലിനെത്തുടർന്നാണിത്. കൊച്ചിയിൽനടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ ട്രോളിങ് നിരോധനം രണ്ടുഘട്ടമാക്കണമെന്ന നിർദേശം ഉയർന്നെങ്കിലും ഏകീകൃതരൂപം കൊണ്ടുവരാൻ കേന്ദ്രം മാർഗനിർദേശം പുറപ്പെടുവിക്കുന്നതാണ് നല്ലതെന്ന തീരുമാനമാണ് ഉണ്ടായത്.

# ചെറുമീനുകളെ പിടിക്കുന്നത് മറ്റു സംസ്ഥാനങ്ങളും നിരോധിക്കും

**കൊച്ചി**▸ ചെറുമീനുകളെ പിടിക്കുന്നത് തടയാൻ കേരളം കൊണ്ടുവന്ന നിരോധനം മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും നടപ്പാക്കുന്നു.

കൊച്ചിയിൽ നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിലാണ് ഈ തീരുമാനം. 58 മീനുകൾക്കാണ് കേരളം വലിപ്പം (എം.എൽ.എസ്.) നിശ്ചയിച്ചിട്ടുള്ളത്. കൂടുതൽ ഇനങ്ങളുള്ള സംസ്ഥാനങ്ങൾ എണ്ണം കൂട്ടും. മീൻപിടിത്തത്തിന് ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ വില കുറയ്ക്കണമെന്നും ഇതിൽ ഏർപ്പെടുത്തിയിട്ടുള്ള റോഡ് നികുതി ഒഴിവാക്കാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യുമെന്നും സംസ്ഥാന ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പത്രസമ്മേളനത്തിൽ പറഞ്ഞു. ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് നിലവിൽ കേന്ദ്രം അംഗീകരിച്ച യൂണിറ്റ് ചെലവ് 80 ലക്ഷത്തിൽനിന്ന് ഒന്നരക്കോടി രൂപയായി ഉയർത്തണം.

ആഴക്കടൽ മീൻപിടിത്തത്തിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കണം. കേന്ദ്രം നിർദേശിച്ച പി.പി.പി. മാതൃക അംഗീകരിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു.

### ■ മറ്റു പ്രധാന തീരുമാനങ്ങൾ

• ട്രോളിങ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽനഷ്ടം നികത്താൻ സാമ്പത്തിക സുരക്ഷാ പദ്ധതിക്ക് കേന്ദ്രത്തോട് ശുപാർശ ചെയ്യും. • ബോട്ട്-വല നിർമാണ ശാലകൾക്ക് നിർബന്ധിത രജിസ്ട്രേഷൻ ഏർപ്പെടുത്തും. • വിനാശകരമായ മത്സ്യബന്ധന രീതികൾ നിരോധിക്കും. • കടലിലെ പ്ലാസ്റ്റിക് മാലിന്യ നിർമാർജനത്തിന് കേരളം നടപ്പാക്കിയ ശുചിത്വ സാഗരം പദ്ധതി മറ്റു സംസ്ഥാനങ്ങളും പിന്തുടരും. • 12 നോട്ടിക്കൽ മൈലിനു പുറത്ത് മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് ഉപഗ്രഹാധിഷ്ഠിത വെസ്സൽ മോണിറ്ററിങ് സംവിധാനം (നടപ്പാക്കും. • മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഹാച്ചറി അക്രഡിറ്റേഷൻ നിർബന്ധമാക്കും.